# പ്രവാചകചര്യ പിന്തുടരുക

**പ്രപഞ്ചകർത്താവ് മനുഷ്യനു നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് പ്രവാചക നിയോഗങ്ങൾ. അവരില്ലായിരുന്നുവെങ്കിൽ സന്മാർഗത്തിന്റെ രൂപരേഖകളായ വേദഗ്രന്ഥങ്ങൾ നമുക്ക് ലഭിക്കുമായിരുന്നില്ല. പ്രവാചകനിലുള്ള വിശ്വാസം ബുദ്ധിപരം മാത്രമാവരുത്. പ്രത്യുത, നിറഞ്ഞ വൈകാരികതയും അതിനുണ്ടായിരിക്കണം. പ്രവാചകന് ഒരു മുള്ളുതറക്കുന്നതിനു പകരമായി സ്വന്തം ജീവൻ നൽകാൻ തയാറായ സ്വഹാബത്താണ് അക്കാര്യത്തിൽ നമ്മുടെ മാതൃക.**

**മുഹമ്മദ്** നബി(സ) പ്രവാചക പരമ്പരയിലെ അന്തിമനാണ്. ഇനി ഒരു പ്രവാചകൻ വരില്ല. വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു വേദഗ്രന്ഥവും വരാനില്ല. അതുകൊണ്ടുതന്നെ ഇന്ന് ലോകത്തുള്ള മുഴുവൻ മനുഷ്യരുടെയും വിശ്വാസ പൂർണതക്ക് മുഹമ്മദ് നബിയിൽ കൂടി വിശ്വസിക്കൽ അനിവാര്യമാണ്. പ്രപഞ്ചകർത്താവ് മനുഷ്യനു നൽകിയ ഏറ്റവും വലിയ അനുഗ്രഹമാണ് പ്രവാചക നിയോഗങ്ങൾ. അവരില്ലായിരുന്നുവെങ്കിൽ സന്മാർഗത്തിന്റെ രൂപരേഖകളായ വേദഗ്രന്ഥങ്ങൾ നമുക്ക് ലഭിക്കുമായിരുന്നില്ല. പ്രവാചകന്മാരാവട്ടെ മൂല്യനിഷ്ഠ ജീവിതത്തെപ്പറ്റി പറഞ്ഞു പോവുകമാത്രമായിരുന്നില്ല, ഓരോ നിമിഷാർധവും അവർ നന്മയിലധിഷ്ഠിതമായ ജീവിതം കാഴ്ചവെച്ചു. ജീവിതം കൊണ്ട് അവർ സഞ്ചരിക്കുന്ന വേദഗ്രന്ഥങ്ങൾ തന്നെയായി. 'നബിയുടെ സ്വഭാവം ഖുർആനായിരുന്നു'വെന്ന അവിടത്തെ പ്രിയ പത്നി ആഇശയുടെ വാക്കുകൾ ശ്രദ്ധിക്കുക. അവിടെയും നിർത്താതെ ഏറ്റവും ഉൽകൃഷ്ടരായ അനുയായി വൃന്ദങ്ങളെയും അവർ വാർത്തെടുത്തു.

പ്രവാചകനിലുള്ള വിശ്വാസം ഒരിക്കലും ബുദ്ധിപരം മാത്രമാവരുത്. പ്രത്യുത, നിറഞ്ഞ വൈകാരികതയും അതിനുണ്ടായിരിക്കണം. പ്രവാചകന് ഒരു മുള്ളുതറക്കുന്നതിനു പകരമായി സ്വന്തം ജീവൻ നൽകാൻ തയാറായ സ്വഹാബത്താണ് അക്കാര്യത്തിൽ നമ്മുടെ മാതൃക. അമീൻ അഹ്സൻ ഇസ്‌ലാഹി നിരീക്ഷിക്കുന്നതുപോലെ, നബി(സ)യും നാമും തമ്മിലുള്ള ബന്ധം പോസ്റ്റ്മാനും നമ്മളും തമ്മിലുള്ള ബന്ധം പോലെയല്ല. അഥവാ ദൈവത്തിന്റെ ഗ്രന്ഥം നമുക്കെത്തിച്ചുതരുന്ന ഒരാൾ മാത്രമല്ല നബി. നബി(സ) നമ്മുടെ മാർഗദർശിയാണ്. നമ്മുടെ നേതാവാണ്, നമുക്ക് ഗ്രന്ഥം പഠിപ്പിച്ച, നമ്മെ സംസ്കരിച്ച ഗുരുവാണ്. നമുക്ക് സന്തോഷവാർത്ത നൽകിയതും താക്കീത് നൽകി ആപത്തുകളെ പറ്റി ഓർമിപ്പിച്ചതും നബിയാണ്. ആ നബിയിൽ നാം സുദൃഢമായി വിശ്വസിക്കുന്നു, അനുസരിക്കുന്നു, സ്വന്തം ജീവനേക്കാളേറെ നാം സ്നേഹിക്കുന്നു. ചാണിനു ചാണായും മുഴത്തിനു മുഴമായും തിരുമേനി(സ)യെ നാം പിന്തുടരുന്നു. വ്യക്തി ജീവിതത്തിലും ഭരണത്തിലും നാം ആ മാതൃക കൊതിക്കുന്നു.

ഇപ്പറഞ്ഞവയുടെ മറുവശം കൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്. അതായത്, പ്രവാചകനിൽ യഥാവിധി വിശ്വസിക്കുകയും വ്യക്തിജീവിതം മുതൽ ആരാധനാ കർമങ്ങൾ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകൾ വരെ പ്രവാചക ചര്യക്കൊത്ത് ചിട്ടപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യാതെ നമുക്ക് പ്രവാചക സ്നേഹം ലഭിക്കുമെന്ന മിഥ്യാധാരണ പാടില്ല. അത്തരം തെറ്റുധാരണകൾ മുസ്‌ലിംകൾക്കിടയിൽ രണ്ടു രീതിയിലുള്ള അപകടങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഒന്ന്, പ്രവാചക സുന്നത്തിന്റെ പിൻബലമില്ലാത്ത രാഷ്ട്രീയ കാഴ്ചപ്പാട് ഉടലെടുക്കുകയും മത-രാഷ്ട്ര വിഭജനത്തിന്റെ വിഷവിത്തുകൾ നമുക്കിടയിൽ വിതക്കപ്പെടുകയും ചെയ്തു. രണ്ട്, പ്രവാചക സുന്നത്തിന്റെ പിൻബലമില്ലാത്ത ആരാധനാകർമങ്ങളും ആചാരങ്ങളും പിൽക്കാലത്ത് പൊട്ടിമുളച്ചു. നബിദിനവും മൗലിദ് പാരായണവും മുതൽ നാട്ടാചാരത്തിന്റെ (ഉർഫ്) മറവിൽ നടക്കുന്ന ജീർണതകൾ വരെയുള്ള പുതുനിർമിതികൾ(ബിദ്അത്ത്) നിരവധിയാണ്. വിവാഹം, ജനനം, മരണം തുടങ്ങിയവയിലൊന്നും ഇന്ന് പ്രവാചക സുന്നത്ത് ദീക്ഷിക്കപ്പെടുന്നില്ല. അതുപോലെ ലോകത്തിന്റെ സകല പ്രശ്നങ്ങൾക്കും പരിഹാരമായി പ്രവാചകൻ സമർപ്പിച്ച ഇസ്‌ലാമിനെ ഒരു ജീവിത വ്യവസ്ഥിതിയായി ഉയർത്തിപ്പിടിക്കുന്നതിലും ഇന്ന് സമുദായം പരാജയപ്പെ

ട്ടിരിക്കുന്നു. വിശുദ്ധ ഖുർആൻ കാണുക: "തന്റെ ദൂതനെ സന്മാർഗവും സത്യദീനു മായി നിയോഗിച്ചത് അവനാകുന്നു; അതിനെ സകല ദീനിനേക്കാളും വിജയി പ്പിക്കുന്നതിന്. ബഹുദൈവവാദക്കാർക്ക് അതെത്ര അസഹ്യമായാലും ശരി" (*അസ്സ്വഫ്ഫ്*: 9). ഇസ്‌ലാമിനെ പറ്റി വിശുദ്ധ ഖുർആൻ വരച്ചുകാട്ടുന്ന ഈ ചൂടും ചൂരും പ്രതാപവും സർവോപരി വിപ്ലവാത്മകതയും യഥാർഥത്തിൽ നമുക്ക് അനുഭവവേദ്യമാകുന്നത് പ്രവാ ചക സുന്നത്തിലൂടെയാണ്.

പ്രവാചക ചര്യയിലെ വിശ്വാസത്തി ന്റെയും അനുസരണത്തിന്റെയും ഈ മാർഗം നാം ഇന്ന് വേണ്ടത്ര ഗൗരവത്തി ലെടുക്കുന്നില്ല. പകരം സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നാഗരിക മേഖ ലകളിലഖിലം നാം പ്രവാചക സുന്ന ത്തിനു പ്രവേശനം നിഷേധിച്ചിരിക്കുന്നു. നബി(സ) മസ്ജിദുന്നബവിയിലെ ഇമാം മാത്രമല്ലെന്നും ബദ്ർ, ഉഹുദ്, ഖന്ദഖ് പോലുള്ള ഇടപെടലുകളിലെ സൂത്രധാ രനും നേതാവുമായിരുന്നുവെന്നുമുള്ള വസ്തുത നാം വിസ്മരിച്ചു. മദീനാ നഗ രരാഷ്ട്രത്തിന്റെ പ്രഥമ ഭരണാധികാരി യെന്ന നിലയിൽ അവിടുന്നു വരുത്തിയ ഭരണപരിഷ്കാരങ്ങളും ജനസേവന യത്നങ്ങളും ഇന്ന് നമുക്ക് ചർച്ച പോലു മല്ല. (നബി തിരുമേനി മരണമടയുമ്പോൾ മുപ്പതുലക്ഷം ചതുരശ്രകിലോമീറ്റർ വിസ്തീർണമുള്ള ഇസ്‌ലാമിക രാഷ്ട്ര ത്തിന്റെ അധിപനായിരുന്നു).

പ്രവാചകസുന്നത്ത് സമഗ്രമാണ്. വിശ്വാസക്കരുത്ത്, നമസ്കാരത്തിലെ ജാഗ്രതയും ഭക്തിയും, സ്വഭാവശുദ്ധി, സദാചാരനിഷ്ഠ, സാമ്പത്തികസൂക്ഷ്മത, പരലോകബോധം, അല്ലാഹുവുമായുള്ള മാനസിക ബന്ധം, പരസ്പര സ്നേഹവും കൂട്ടായ്മയും, നിരന്തര പ്രവർത്തനം... അങ്ങനെ സംസ്കരിക്ക പ്പെട്ട വ്യക്തി, സമൂഹം, രാഷ്ട്രം..... അവ യെക്കുറിച്ച ഉൾക്കാഴ്ച, അവബോധം..... പക്ഷേ.... പ്രവാചക സുന്നത്തെവിടെ? ഇന്നത്തെ മുസ്‌ലിം സമുദായമെവിടെ?

നബിചര്യ ഗ്രഹിക്കുന്നതിലും പ്രാ വർത്തികമാക്കുന്നതിലും നാം ഗുരുതര മായ വീഴ്ചവരുത്തിയിരിക്കുന്നു. 'എടു ത്താൽ കൂലിയും ഉപേക്ഷിച്ചാൽ ശിക്ഷ യില്ലാത്തതും' എന്ന് 'മഅ്ന' പറച്ചിൽ ത ന്നെ എന്തുമാത്രം അപകടകരമല്ല! (സു ന്നത്തിന്റെ ശക്തിയും സമഗ്രതയും ചോ ർത്തിക്കളഞ്ഞത് ഇത്തരം അയഥാർഥ നി ലപാടുകളത്രെ.) അതിനാൽ നാം ഉണരു ക... ഉണർത്തുക... പ്രവാചക സുന്ന ത്തിന്റെ സന്തുലിതത്വവും സമഗ്രതയും വീണ്ടെടുക്കുക. ഖുർആൻ പറയുന്നു: "പ റയുക, നിങ്ങൾ അല്ലാഹുവെ സ്നേഹി ക്കുന്നുവെങ്കിൽ എന്നെ (മുഹമ്മദ് നബി യെ) പിൻപറ്റുക. അപ്പോൾ അല്ലാഹു നി ങ്ങളെ സ്നേഹിക്കും" (*ആലുഇംറാൻ*: 31). "അല്ലാഹു അവതരിപ്പിച്ചതിലേക്കും ദൈവദൂതനിലേക്കും വരുവിൻ എന്ന് അ വരോട് പറഞ്ഞാൽ ഞങ്ങൾ ഞങ്ങളുടെ പൂർവികരെ എന്തനുഷ്ഠിക്കുന്നവരായി കണ്ടുവോ, ഞങ്ങൾക്കതുമതി എന്നാവും അവർ പറയുക. അവരുടെ പൂർവികർ ഒന്നും അറിയാത്തവരും സന്മാർഗം പ്രാപിച്ചിട്ടില്ലാത്തവരുമാണെങ്കിലും അതു മതിയെന്നോ?" (*അൽമാഇദ*: 104).

### ജീർണതകൾക്കെതിരെ

ലക്ഷത്തിലേറെ ദൈവദൂതന്മാർ മനുഷ്യ സമൂഹത്തോട് പറഞ്ഞത് പാപകൃത്യങ്ങ ളിൽനിന്ന് പിന്തിരിയാനായിരുന്നു. നൂഹ്(അ) തന്റെ ജനതയുടെ ബഹുദൈവാരാ ധനക്കും സാമൂഹിക ഉച്ചനീചത്വങ്ങൾക്കു മെതിരെ ശബ്ദിച്ചു. ഹൂദ്(അ) തന്റെ ജന തയെ ഉപദേശിച്ചത്, വിഗ്രഹാരാധന നട ത്തരുതെന്നും പടുകൂറ്റൻ കെട്ടിടങ്ങളു ണ്ടാക്കി ആഡംബര ജീവിതം നയിക്കരു തെന്നുമാണ്. സ്വാലിഹ്(അ) ആരാധനാ വ്യതിചലനത്തിനും അഹങ്കാരത്തിനും ധൂർത്തിനുമെതിരെ സമൂഹത്തെ ബോധ വൽക്കരിച്ചു. ഇബ്റാഹീം(അ) വിഗ്രഹാ രാധനക്കും ഭരണകൂട തിന്മകൾക്കുമെ തിരെ ശബ്ദിച്ചു. യൂസുഫ്, ശുഐബ്, മൂസാ, ദാവൂദ്, സുലൈമാൻ, ഈസാ(അ) തുടങ്ങിയവരൊക്കെ ജനങ്ങളിൽ വേരു റച്ച തിന്മകൾക്കെതിരെ പോരാടിയവരാ ണ്.

അന്ത്യപ്രവാചകൻ മുഹമ്മദ്(സ) യാവട്ടെ ചുറ്റും നടമാടിയ സകല തിന്മ കൾക്കുമെതിരെ സമഗ്രമായ പ്രതിരോധ നിര തീർത്തു. പ്രവാചകന്റെ മക്കാ ജീവി തകാലത്ത് അവിടത്തെ നിവാസികളില ധികപേരും വിഗ്രഹാരാധകരും ബഹു ദൈവവിശ്വാസികളുമായിരുന്നു. അതു കൊണ്ടുതന്നെ വിശുദ്ധ ഖുർആൻ വിശ്വാസ ജീർണതകൾക്കെതിരെ ശബ്ദി ച്ചു. പക്ഷേ, ഖുർആൻ അവിടെ നിർത്തി യില്ല; പ്രത്യുത മൊത്തം സാമൂഹിക തിന്മ കളെല്ലാം അവസാനിപ്പിക്കാൻ ആഹ്വാനം ചെയ്തു. അതുകൊണ്ടാണ് നബി(സ) മക്കാ ജീവിതകാലത്തുതന്നെ വ്യഭിചാരം നിരോധിച്ചത്. നോമ്പ്, ഹജ്ജ് പോലുള്ള ആരാധനാകർമങ്ങൾ നിർബന്ധമാക്കുന്ന തിനു മുമ്പുതന്നെ ശിശുഹത്യ ഖുർആൻ വിലക്കി. അളവുതൂക്കങ്ങളിൽ കൃത്രിമം കാട്ടുന്നത് നിരോധിച്ചതും മക്കയിലാണ്. മാത്രമല്ല മാതാപിതാക്കൾക്ക് നന്മ ചെയ്യാനുള്ള ആഹ്വാനവും കുടുംബ ജീവിതവുമായി ബന്ധപ്പെട്ട ധാർമിക നിർദേശങ്ങളും അവതരിച്ചത് മക്കയിൽ തന്നെ. എന്തിനധികം, 'സ്വൻആ മുതൽ ഹദറമൗത്ത് വരെ', അഥവാ ലോകം മുഴു വൻ ധാർമിക പരിവർത്തനത്തിനുവേണ്ടി നമുക്ക് പണിയെടുക്കണമെന്ന സുപ്രധാ നമായ രാഷ്ട്രീയ നിർദേശം നബി തന്റെ അനുയായികൾക്ക് നൽകിയത് മദീനയി ലല്ല, മക്കയിൽ വെച്ചായിരുന്നു. 'ഇനിൽ ഹുകുമ് ഇല്ലാലില്ലാഹ്' (പരമാധികാരം ദൈവത്തിനുമാത്രം) എന്നു രണ്ടുവട്ടം പ്രഖ്യാപിക്കുന്ന സൂറ *യൂസുഫ്* അവത രിച്ചതും മക്കയിൽ തന്നെ!.

വിശ്വാസ വൈകൃതങ്ങൾക്കൊപ്പം സാമൂഹിക ജീർണതകളെകൂടി ഇസ്‌ലാം എതിർക്കുന്നു. മാത്രമല്ല, ഈ എതിർപ്പിൽ സന്തുലിതത്വം പാലിക്കാനും ഇസ്‌ലാം പഠിപ്പിച്ചിട്ടുണ്ട്. അതായത് സാമൂഹിക തിന്മകൾ ഇല്ലാതായിക്കൊണ്ടിരിക്കു മ്പോൾ ക്രമപ്രവൃദ്ധമായി വിശ്വാസ വൈകൃതങ്ങളും ഇല്ലാതാവുന്നു. അഥവാ വിശ്വാസപരമായ അപഭ്രംശത്തിന്റെ സൃഷ്ടിതന്നെയാണ് ഇതര തിന്മകളും എന്നതിനാൽ സന്ദർഭത്തിന്റെ തേട്ടമനു സരിച്ച് ഒരു തിന്മയെ എതിർക്കുമ്പോൾ തന്നെ ഫലത്തിൽ മറ്റു തിന്മകളും എതിർക്കപ്പെടുന്നുണ്ട്. മക്കാ വിജയത്തെ ഇതിന്റെ മികച്ച ഉദാഹരണമായി എടു ക്കാം. മക്ക ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമായി, അഥവാ മക്കാവിജയം നബി(സ) പ്രഖ്യാപിക്കുമ്പോൾ മക്കക്കാർ മുഴുവനായും ഏകദൈവ വിശ്വാസം കൈക്കൊണ്ടിരുന്നില്ല; അത് ക്രമത്തിൽ സംഭവിക്കുകയായിരുന്നു.

ഇസ്‌ലാമിക ചരിത്രത്തിലെ അതി പ്രധാന രേഖയാണല്ലോ അഖബാ ഉടമ്പ ടി. പ്രവാചക നിയോഗത്തിന്റെ ശൈശവ ദശയിൽ ഒപ്പിട്ട ഈ കരാറിൽ വിശ്വാസ കാര്യം മാത്രമല്ല പരാമർശിച്ചിട്ടുള്ളത്. മുഴു പാപകൃത്യങ്ങൾക്കുമെതിരെയുള്ള ഇസ്‌ലാമിന്റെ ഖണ്ഡിത നിലപാട് മനസ്സി ലാക്കാൻ അഖബാ ഉടമ്പടിയിലെ പ്രധാന വ്യവസ്ഥകൾ പരിശോധിക്കാം. 1. ഏകനായ അല്ലാഹുവിനൊഴികെ മറ്റാർക്കും നാം ഇബാദത്ത് ചെയ്യില്ല. 2. കളവ് നടത്തുകയില്ല. 3. വ്യഭിചരിക്കുക യില്ല. 4. സന്താനഹത്യ നടത്തുകയില്ല. 5. നിരപരാധരുടെ മേൽ വ്യാജാരോപണം നടത്തുകയില്ല. 6. നബി(സ) നിർദേശി

ക്കുന്ന നന്മയിൽനിന്ന് പിന്തിരിയുകയില്ല.

പ്രവാചക ദൗത്യങ്ങളുടെ മൊത്തത്തിലുള്ള ഭാവമുദ്ര ജനങ്ങളോട് തഖ്‌വ പുലർത്താനുള്ള ആഹ്വാനമാണെന്നു കാണാം. "അല്ലാഹുവെയും അന്ത്യനാളിനെയും ഭയന്നുകൊണ്ട് തിന്മകളിൽനിന്ന് അകന്നു ജീവിക്കലാണ് തഖ്‌വ" എന്നത്രെ പണ്ഡിതന്മാർ വിവരിച്ചിട്ടുള്ളത്. ഖുർആൻ പറഞ്ഞു: "താങ്കളുടെ നാഥൻ മൂസയെ വിളിച്ച് ആജ്ഞാപിച്ച സന്ദർഭം. അക്രമികളായ ജനത്തിലേക്ക് ചെല്ലുക. ഫറവോന്റെ ജനത്തിലേക്ക്, അവർ തഖ്‌വ പലുർത്തിയേക്കാം" (26: 10,11). "നൂഹിന്റെ ജനം ദൈവദൂതന്മാരെ ധിക്കരിച്ചു. അവരുടെ സഹോദരൻ നൂഹ് അവരോട് പറഞ്ഞത് ഓർക്കുക; നിങ്ങൾ തഖ്‌വ പുലർത്തുന്നില്ലേ... ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ദൈവദൂതനാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. എന്നെ അനുസരിക്കുക" (26: 105-108).

പ്രവാചകന്മാർ തങ്ങളുടെ ജനതക്ക് തഖ്‌വ അഭ്യസിപ്പിച്ചതിനെ പറ്റി അമീൻ അഹ്സൻ ഇസ്‌ലാഹി എഴുതുന്നു: "പ്രവാചകന്മാർ തഖ്‌വ പഠിപ്പിച്ച രീതി ഖുർആനിൽനിന്ന് മനസ്സിലാവുന്നുണ്ട്. അതിപ്രകാരമാണ്: അധർമവും അസാന്മാർഗികതയും കൊടികുത്തി വാഴുന്ന തങ്ങളുടെ ജീവിത പരിസരങ്ങളിലേക്ക് അവർ കണ്ണോടിച്ചു. മനുഷ്യന്റെ ലക്കും ലഗാനുമില്ലാത്ത, ദൈവധിക്കാരത്തിന്റെയും ഭോഗപരതയുടെയും കാരണങ്ങളെക്കുറിച്ച് ചിന്തിച്ചു. അങ്ങനെ മനുഷ്യന്റ സകല ധിക്കാരങ്ങൾക്കും അതിക്രമങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നത് മൂന്ന് കാര്യങ്ങളാണെന്ന് അല്ലാഹു അവർക്ക് വ്യക്തമാക്കിക്കൊടുത്തു. ഒന്ന്, ദൈവത്തെയും അവന്റെ ഗുണങ്ങളെയും കുറിച്ച് ജനങ്ങൾക്കിടയിൽ പ്രചരിച്ച അബദ്ധധാരണ. രണ്ട്, ഐഹിക ജീവിതത്തിനു ശേഷമുള്ള മറ്റൊരു ജീവിതത്തെക്കുറിച്ച് ധാരണയില്ലായ്മ. ഇനി ധാരണയുണ്ടെങ്കിൽ തന്നെ മനുഷ്യന്റെ ജീവിത വ്യവഹാരങ്ങളിൽ യാതൊരു സ്വാധീനവും ചെലുത്താത്ത വിധമുള്ള നിറം കെട്ട ധാരണ. മൂന്ന്, അല്ലാഹുവിന്റെ വിധിവിലക്കുകളെക്കുറിച്ച അജ്ഞത" (*തഖ്‌വ* പേജ് 50-51). അതുകൊണ്ടുതന്നെ ഇത്തരം മുഴുവൻ തിന്മകളെയും ഭൂമുഖത്തുനിന്ന് തുടച്ചു മാറ്റലായിരുന്നു പ്രവാചകത്വത്തിന്റെ മുഖ്യലക്ഷ്യം. ■